Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

25.1.2018

All Kerala Press Release
*Ref: 251/K-6/KPR/DS*

# പിഒസി ജൂബിലി പ്രേഷിത സംഗമം

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയമായ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (പി.ഒ.സി) സുവർണ ജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന മൂന്നു ദിവസം നീണ്ടു നില്കുന്ന ഭാരത മിഷനറിമാരുടെ മഹാസംഗമം - ദുക് ഇൻ ആൾത്തും - ഇന്നാരംഭിക്കും.

ദരിദ്രർക്കു സുവിശേഷവും ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിച്ചുകൊണ്ട് ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തന നിരതരായിരിക്കുന്ന മിഷനറിമാരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും കേരളസഭയുടെ പ്രേഷിത ചൈതന്യം ദിപ്തമാക്കാനും വേണ്ടിയാണ് ഈ സംഗമം. ഇന്നു രാവിലെ 10-ന് ആരംഭിക്കുന്ന സംഗമത്തിന്റെ ഉദ്ഘാടനം സിബിസിഐ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ നിർവഹിക്കും. കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് എം. സൂസപാക്യം അധ്യക്ഷത വഹിക്കും.

പ്രാർത്ഥനാ നൃത്തത്തോടെ ആരംഭിക്കുന്ന സംഗമത്തിൽ ‘സഭയുടെ ദൗത്യവും ശുശ്രൂഷാ ചൈതന്യവും’ എന്ന വിഷയം തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി അവതരിപ്പിക്കും. ഇന്ത്യയിലെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള രണ്ടാമത്തെ സെഷൻ ഗുവാഹത്തി ആർച്ച്ബിഷപ് എമിരിത്തൂസ് ഡോ. തോമസ് മേനാംപറമ്പിൽ നയിക്കും. നാഗ്പൂർ ആർച്ച്ബിഷപ് ഡോ. എബ്രാഹം വിരുതുകുളങ്ങര അനുബന്ധ പ്രതികരണം നടത്തും. ബീഹാർ, ജാർഖണ്ഡ്, ഒഡിഷ, ബംഗാൾ എന്നിവ ഉൾപ്പെടുന്ന കിഴക്കൻ മേഖലയിലെ മിഷൻ സംബന്ധിച്ച പാനൽ ചർച്ചയിൽ ബക്സർ ബിഷപ് ഡോ. സെബാസ്റ്റ്യൻ കല്ലുപാറ, സിസ്റ്റർ ലിസ സി.എച്ച്.എഫ്, ഫാ. ജിബിൻ ആന്റണി ഒസിഡി, സിസ്റ്റർ ലീല എഫ്സിസി എന്നിവർ പങ്കെടുക്കും. ബാലസോർ രൂപത ബിഷപ് ഡോ. സൈമൺ കൈപ്പുറം മോഡറേറ്ററായിരിക്കും.

ജമ്മു, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഹരിയാന, ഉത്തർപ്രദേശ് എന്നിവ ഉൾപ്പെടുന്ന ഉത്തരേന്ത്യൻ മിഷനെ സംബന്ധിച്ച് പാനൽ ചർച്ചയിൽ ഫാ. പ്രേം ആന്റണി ഐഎംഎസ്, ഡിഎം മദർ ജനറൽ ജൈൽസ്, സിസ്റ്റർ ആഗ്നസ് മാത്യു സിഎം.സി എന്നിവർ പങ്കെടുക്കും. ഗുഡ്ഗാവ് ബിഷപ് ജേക്കബ് മാർ ബർണബാസ് മോഡറേറ്ററായിരിക്കും. വൈകിട്ട് 5.30-ന് ആർച്ച്ബിഷപ് ഡോ. സൂസ പാക്യത്തിന്റെ മുഖ്യ കാർമികത്വത്തിൽ ദിവ്യബലിക്കുശേഷം 6.30-ന് സാംസ്കാരിക പരിപാടികൾ ഉണ്ടായിരിക്കും.

ശനിയാഴ്ച രാവിലെ ഏഴിന് മൂവാറ്റുപുഴ ബിഷപ് എബ്രഹാം മാർ യൂലിയോസിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി. രാവിലെ 9-ന് ‘അല്മായരുടെയും യുവാക്കളുടെയും പ്രേഷിത പങ്ക്’ എന്ന സെഷൻ ജസ്റ്റീസ് സിറിയക് ജോസഫ്, ഡോ, എഡ്വേർഡ് എടേഴത്ത് എന്നിവർ നയിക്കും. അഡ്വ. ജോജി ചിറയിൽ മോഡറേറ്ററായിരിക്കും. അരുണാചൽപ്രദേശ്, അസം, സിക്കിം, നാഗാലാന്റ്, മണിപ്പൂർ, മേഘാലയ, മിസോറം, ത്രിപുര എന്നിവ ഉൾപ്പെടുന്ന വടക്കുകിഴക്കൻ ഇന്ത്യയിലെ പ്രേഷിത ദൗത്യത്തെക്കുറി

ച്ചുള്ള പാനൽ ചർച്ചയിൽ സിസ്റ്റർ ആനി അരീപ്പറമ്പിൽ എസ്.എച്ച്, ഫാ. ജോയ് തോമസ് എസ്‌വിഡി, ഫാ. മാത്യു മണലുവിള ഒഐസി എന്നിവർ പങ്കെടുക്കും. ഇറ്റാനഗർ ബിഷപ് ഡോ. ജോൺ തോമസ് കട്ടുക്കുടിയിൽ മോഡറേറ്ററായിരിക്കും. മധ്യപ്രദേശ്, ഛത്തിസ്ഗഡ് എന്നിവ ഉൾപ്പെടുന്ന സെൻട്രൽ

ഇന്ത്യ മിഷൻ പാനൽ ചർച്ചയിൽ സിസ്റ്റർ മരിയ കരോട്ടെംബ്രയിൽ എസ്എബിഎസ്, ഫാ. തോമസ് എം പ്രായിൽ വിസി, ഫാ. സിറിൾ കുറ്റിയാനിക്കൽ സിഎം.ഐ എന്നിവർ പങ്കെടുക്കും. ഇൻഡോർ ബിഷപ് ഡോ. ചാക്കോ തോട്ടുമാരിക്കൽ മോഡറേറ്ററായിരിക്കും.

ഫിയാത്ത്, സാന്ത്വന, ജീസസ് യൂത്ത് ശുശ്രൂഷകളുടെ അനുഭവം പങ്കുവയ്ക്കൽ രണ്ടുമണിക്ക്. മൂന്നിന് ഗ്രൂപ്പു ചർച്ചയും ആറിന് സാംസ്കാരിക പരിപാടിയും.

ഞായറാഴ്ച രാവിലെ 9-ന് രാജസ്ഥാൻ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ എന്നിവ ഉൾപ്പെടുന്ന പശ്ചിമ ഇന്ത്യ മിഷൻ പാനൽ ചർച്ചയിൽ സിസ്റ്റർ സിബി സിഎംസി, ഫാ.കുര്യൻ അമ്മനത്തുകുന്നേൽ എംഎസ്ടി, ഫാ. ഫ്രാൻസിസ് കിളിവല്ലിക്കൽ സിഎസ്ടി എന്നിവർ പങ്കെടുക്കും. പൂനെ മലങ്കര എക്സാർക്കേറ്റ് ബിഷപ് തോമസ് മാർ അന്തോണിയോസ് മോഡറേറ്ററായിരിക്കും.

'കേരളസഭയുടെ സാർവത്രിക പ്രേഷിത സാധ്യതകൾ' എന്ന വിഷയത്തെ ആധാരമാക്കി രാവിലെ പത്തിന് ജസ്റ്റീസ് കുര്യൻ ജോസഫ് സംസാരിക്കും. 11-ന് ഭാരതസഭയിലെ പ്രഗത്ഭരായ മിഷണറിമാരെ ആദരിക്കൽ ചടങ്ങിൽ സീറോ മലബാർ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ് ഡോ. സൂസപാക്യം, ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്, ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നിവർ പങ്കെടുക്കും. 12-ന് പൊന്തിഫിക്കൽ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിക്കുന്ന കർദിനാൾ മാർ ആലഞ്ചേരി സമാപനസന്ദേശം നല്കും.

ഭാരതമിഷനെ അറിയാനും സ്നേഹിക്കാനുമായി 5 ദിവസം നീണ്ടു നില്കുന്ന നാഷണൽ മിഷൻ എക്സ്പോയും സംഘടിപ്പിക്കുന്നുണ്ട്. ഭാരതത്തിലെ വിവിധ ദേശങ്ങളിൽ നിന്നുള്ള മെത്രാന്മാരടക്കമുള്ള മിഷനറിമാരും, കേരളത്തിലെ രൂപതകളുടെ പ്രതിനിധികളും അടങ്ങുന്ന 500 പേർ സമ്മേളനത്തിൽ പങ്കെടുക്കും.

ഒരുവൻ തന്റെ സഹോദരനുവേണ്ടി മരിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിച്ച ക്രിസ്തുവിന്റെ പാതയാണ് പ്രേഷിത മേഖലയിലെ മിഷനറിമാരുടെ ചൈതന്യമെന്ന് സംഘാടകർ പറഞ്ഞു. പിഒസി ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒഐസി, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, ഫാ. ജോസ് കരിവേലിക്കൽ, ഫാ. സാജു കുത്തോടിപുത്തൻപുരയിൽ, ഫാ. ഷിബു സേവ്യർ ഒസിഡി, ഫാ. ഷാജി സ്റ്റീഫൻ, ഫാ. ജോളി വടക്കൻ എന്നിവർ നേതൃത്വം നല്കും.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.